# വിളപ്പിൽ കുടുംബശ്രീ സി.ഡി.എസ്.

# കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ

## ആമുഖം

ലോകജനതയെ കീഴടക്കിയ കൊറോണ അഥവാ കോവിഡ്-19 എന്ന മഹാമാരിയോട് ആത്മവിശ്വാസത്തോടെ പോരാടുകയാണ് കേരളം. നമ്മുടെ സർക്കിരനൊപ്പം കുടുംബശ്രീയും അർപ്പണ ബോധത്തോടെയുള്ള പ്രവർത്തനമാണ് നടത്തികൊണ്ടിരിക്കുന്നത്. വിളപ്പിൽ ഗ്രാമപഞ്ചായത്ത് സി.ഡി.എസിന് കീഴിൽ 20 വാർഡുകളിലെ 430 അയൽക്കൂട്ടങ്ങളിയാ 6000 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൊവിഡുമായി ബന്ധപ്പെട്ട് സി.ഡി.എസിലെ എല്ലാ അംഗങ്ങളും കുടുംബശ്രീയും പഞ്ചായത്തുമായി സഹകരിച്ച് ഒട്ടേറെ സാമൂഹിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ കാഴ്ചവച്ചു. കുടുംബശ്രീ അംഗങ്ങൾ താഴത്തട്ടിലുള്ള നിർദ്ധനരായ എല്ലാ കുടുംബങ്ങൾക്കും ആശ്വാസവും സംരക്ഷണവും നൽകുന്ന രീതിയിൽ പ്രവർത്തിച്ചു. ഈ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ ഭൂരിഭാഗം കുടുംബശ്രീ വനിതകളും കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിൽ നടപ്പിലാക്കാൻ സാധിച്ച സംതൃപ്തിയിലാണ്.

## മൈക്രോ ഫിനാൻസ് & ഓർഗനൈസേഷൻ

വിളപ്പിൽ ഗ്രാമപഞ്ചായത്ത് സി.ഡി.എസിൽ കൊവിഡ് 19 മായി ബന്ധപ്പെട്ട് കുടുംബശ്രീ അംഗങ്ങൾ വീടുകളിൽ കഴിയേണ്ടി വന്ന സാഹചര്യത്തിൽ എല്ലാ വാർഡിലെയും അംഗങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ഒരു വാട്ട്സ് ആപ്പ് ഗ്രൂപ്പ് ആരംഭിക്കുകയും 381 അയൽക്കൂട്ടങ്ങളിൽ നിന്നും 1961 അയൽക്കൂട്ടങ്ങൾക്കായി 3 കോടി രൂപയുടെ സി.എം.എച്ച്.എൽ.എസ്. വായ്പ അപേക്ഷകൾ സ്വീകരിക്കുകയും 366 അയൽക്കൂട്ടങ്ങളിലായി 1681 അംഗങ്ങൾക്ക് 3 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകുകയും ചെയ്തു.

## മൈക്രോ എന്റർപ്രൈസസ്

കോവിഡ് പ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം ആരംഭിച്ചു. മെമ്പർമാർ കമ്മ്യൂണിറ്റി കിച്ചണിൽ സഹായങ്ങൾ നൽകി. കമ്മ്യൂണിറ്റി കിച്ചൺ വഴി 25 ദിവസം 500 പൊതിച്ചോറ് സാധാരണക്കാരായ ജനങ്ങൾക്ക് എത്തിച്ചു നൽകി.



## സോഷ്യൽ ഡവലെപ്പ്മെന്റ്

നിരാലംബരും നിർദ്ധനരുമായ കുടുംബശ്രീ അംഗങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് സർക്കാർ ആവിഷ്ക്കരിച്ച അഗതിരഹിത കേരളം പദ്ധതിയിലെ 60 വയസ്സിന് മുകളിൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് കുടുതൽ പരിചരണം നൽകുന്നതിലേയ്ക്കായി 50 ഗുണഭോക്താക്കൾക്ക് ഒരു ആർ.പി. യെ കണ്ടെത്തുകയും അവർ മുഖേന 4 ഘട്ടങ്ങളിലായി സർവ്വേ നടത്തി അവർക്കാവശ്യമായ ഭക്ഷണം, മരുന്ന് എന്നിവ എത്തിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു. ടി സർവ്വേ വഴി ഒട്ടേറെ ഗുണഭോക്താക്കൾക്ക് ഗുണം ലഭിക്കുകയും അവരുടെ അടിയന്തിര ആവശ്യങ്ങൾ നിറവേറാൻ സാധിക്കുകയും ചെയ്തു. മരുന്ന്, മാസ്ക് തുടങ്ങിയവ എത്തിച്ചുകൊടുത്തു.

## ബഡ്സ്/ബി.ആർ.സി. പ്രവർത്തനങ്ങൾ

ലോക്ക്ഡൗൺ കാലം മാനസിക വെല്ലുവിളികൾ നേരിടുന്ന കുഞ്ഞുങ്ങൾക്കും അവരുടെ മാതാപിതാക്കൾക്കും ഓരോ ദിവസവും അതിജീവിക്കുന്ന എന്നത് പ്രയാസമേറിയ കടമ്പ തന്നേയായിരുന്നു. ഈ അവസ്ഥയും അതിജീവിക്കുവാൻ സാധിച്ചു എന്നത് വലിയ നേട്ടമാണ്. ദിവസേന ഓരോ ടാസ്കുകൾ ഈ കുഞ്ഞുങ്ങൾക്ക് വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ ടീച്ചർമാർക്ക് അയച്ച് നൽകി അതിൻ പ്രകാരമുള്ള വീഡിയോകൾ മാതാപിതാക്കൾ ഗ്രൂപ്പുകളിൽ ഇടുകയും അതിൽ നിന്നും മികച്ചതിനെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകി കുട്ടികളെ സന്തോഷിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും സാധിച്ചു.



**മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി)**

എല്ലാ വാർഡുകളിലും കൃഷി ഭവനിൽ നിന്നും പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിരുന്നു. കുടുംബശ്രീ അംഗങ്ങൾ വീടുകളിൽ അടുക്കളത്തോട്ടവും മൈക്രോ ഗ്രീൻ കൃഷിയും നടത്തിവരുന്നു.

## ജെന്റർ

കൊറോണയുമായി ബന്ധപ്പെട്ട് വീട്ടിൽ നിരീക്ഷണത്തിലായ കുടുംബങ്ങൾക്കും വയോജനങ്ങൾക്കും മാനസികോല്ലാസം നൽകുവാനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി കമ്മ്യൂണിറ്റി കൗൺസിലർമാർ ഫോൺ വഴി ഇടപെടൽ നടത്തിയിരുന്നു. അതുകൊണ്ട്തന്നെ ഒറ്റയ്ക്കല്ല ഞങ്ങൾ കൂടെയുണ്ട് എന്ന വാക്യം അവരുടെ മനസ്സിനെ കുളിർമപ്പെടുത്തിയിരുന്നു.

റിപ്പോർട്ട് തയ്യാറാക്കിയത്

സനൂജ ബി
ബ്ലോക്ക് കോ-ഓർഡിനേറ്റർ
9946841548

സുനിത
സി.ഡി.എസ്. ചെയർപേഴ്സൺ
8943180555